**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2512** **21-01-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി.ക്കു എത്ര അധികവരുമാനം ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ; | (എ) | (എ)നിലവിലുള്ള സർക്കാരിന്റെ കാലത്ത്, രണ്ടു തവണയാണ്, വൈദ്യുതി ചാർജ്ജ് പരിഷ്ക്കരണം നടന്നത്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, 17.04.2017 -ൽ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്ക്കരണ ഉത്തരവിലൂടെ, കെ.എസ്. ഇ.ബി. ലിമിറ്റഡിനു മുൻവർഷത്തെ അപേക്ഷിച്ച് 550 കോടി രൂപയുടെ അധികവരുമാനം, ഒരു വർഷത്തേയ്ക്ക് (2019-20 സാമ്പത്തിക വർഷത്തേക്കു മുഴുവനായും) ഉണ്ടാകുമെന്നാണ്, റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. തുടർന്ന്, കെ. എസ്.ഇ.ബി. ലിമിറ്റഡ്, സമർപ്പിച്ച Multi Year Tariff Petition (MYT Petition) ന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തേക്ക് താരിഫ് പരിഷ്ക്കരണം അനുവദിച്ചു തന്നില്ലെങ്കിലും, 2019-20 സാമ്പത്തിക വർഷത്തിൽ 08.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിലുള്ള ഒരു താരിഫ് പരിഷ്ക്കരണമാണ് അനുവദിച്ചുതന്നത്. ടി താരിഫ് വർദ്ധനവ് മൂലം, 2019-20 കാലയളവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് റഗു ലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്.2019-20 കാലയളവിലേക്കു മുഴുവൻ കണക്കാക്കിയ അധികവരുമാനത്തിൽ, ജൂലൈ മുതൽ പ്രാബല്യം വരുത്തിയതു മൂലം, കെ.എസ്.ഇ.ബി. ലിമിറ്റഡിനു ഏകദേശം, 660 കോടിയുടെ അധികവരുമാനം മാത്രമേ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ളൂ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | ചാർജ് വർദ്ധനവിലൂടെ അധികമായി ലഭിച്ച തുക ഏതൊക്കെ ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്ന് വിശദീകരിക്കുമോ? | (ബി) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ താരിഫ് പരിഷ്ക്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ARR & ERC പെറ്റീഷൻ മേൽ നിജപ്പെടുത്തുന്ന റവന്യൂ കമ്മിയുടെ |

| | | | |
|---|---|---|---|
| | | | ഒരു ഭാഗം മാത്രമേ താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കാൻ അനുവദിച്ചിരുന്നുള്ളൂ. ഉപഭോക്താക്കളുടെ അമിതഭാരം ഒഴിവാക്കുന്നതിനു വേണ്ടി (Tariff shock), ബാക്കി തുക പിൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കപ്പെടുകയാണ് ചെയ്യാറുള്ളത്. ഇപ്രകാരം മാറ്റി വയ്ക്കപ്പെട്ട തുക (Regulatory Asset) 2018 മാർച്ച് ആയപ്പോഴേയ്ക്കും, 5645 കോടി രൂപയായി വർദ്ധിച്ചു. ഇത് വൈദ്യുതി ബോർഡിന്റെ കടബാധ്യത അമിതമായി വർദ്ധിക്കുവാൻ ഇടയാക്കി. 2016-ലെ താരിഫ് നയത്തിൽ, നികത്തപ്പെടാത്ത പഴയകാല റവന്യൂ കമ്മി, ഏഴുവർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷി ച്ചിട്ടുണ്ട്. ഇപ്രകാരം റവന്യൂകമ്മി നികത്തുന്നതിന്റെ ഭാഗമായാണ് താരിഫ് പരിഷ്കരണ ഉത്തരവുകൾ റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ